Kerala Private College Teacher's Association

KPCTA

# കേരളാ പ്രൈവറ്റ് കോളേജ് ടീച്ചേർസ് അസ്സോസിയേഷൻ

# സംസ്ഥാന ലീഡർഷിപ്പ് മീറ്റ്

(ഓൺലൈൻ)



**2020 നവംബർ 14 & 15 (ശനി, ഞായർ)**

2.30 PM - 4.30 PM

zoom

പ്രിയപ്പെട്ട കെ.പി സി.ടി.എ. കുടുംബാംഗങ്ങളെ,
ഉന്നത വിദ്യാഭ്യാസ രംഗം അടിമുടി മാറ്റത്തിനു വിധേയമാകുന്ന ഈ കാലഘട്ടത്തിൽ കോളെജധ്യാപനം ഏറെ വെല്ലുവിളികൾ നേരിട്ടു കൊണ്ടിരിക്കുകയാണല്ലോ. പുതിയ ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത് പ്രകാരം അടുത്ത ദശകമാകുമ്പോഴേക്കും പല കലാലയങ്ങളും കാലയവനികക്കുള്ളിൽ മറഞ്ഞേക്കാം. ടെന്യുർ ട്രാക്ക് നിയമനങ്ങളും സ്ഥിരതയില്ലാത്ത കോർപറേറ്റ് രീതിയിലുള്ള സേവനോപാധികളുമാണ് , ദശകങ്ങളുടെ അവകാശ സമരങ്ങളിലൂടെയും സംഘടനാ ശേഷിയിലൂടെയും നാം നേടിയെടുത്ത സേവന വ്യവസ്ഥകൾക്കുമേൽ പ്രതിസ്ഥാപിക്കപ്പെടാൻ പോകുന്നത്. വെല്ലുവിളികളേറെയുള്ള ഭാവിയിലെ കോളെജധ്യാപന സേവന കാലം ഭാസുരമാകണമെങ്കിൽ ദീർഘവീക്ഷണത്തോടെ യുള്ള ആസൂത്രണം അനിവാര്യമായി മാറുന്നു .

2020 നവംബർ 14, 15 തിയ്യതികളിൽ ഓൺലൈനായി സംഘടിപ്പിക്കപ്പെടുന്ന കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ (കെ.പി.സി.ടി.എ) ഈ വർഷത്തെ സംസ്ഥാന നേതൃത്വ പരിശീലന പരിപാടി ഇക്കാര്യങ്ങളെ മുഖ്യമായും ചർച്ചാ വിധേയമാക്കുന്നു. സുശക്തമായ സംഘടനാ പ്രവർത്തനത്തിന്റെ അനിവാര്യത, ഈ മേഖലയുടെ നിലനിൽപിന് മുൻകാലങ്ങളെക്കാൾ പ്രസക്തമാവുന്ന ഈയവസരത്തിലാണ് ഇത്തരമൊരു ക്യാമ്പ് സംഘടിപ്പിക്കപ്പെടുന്നത്.

അന്ധമായ രാഷ്ട്രീയ അടിമത്തമോ വിധേയത്തമോ ഇല്ലാതെ, ആദർശത്തിന്റെയും ആത്മാഭിമാനത്തി ന്റെയും ഉണർത്തുപാട്ടായി അദ്ധ്യാപകരുടെ അക്കാദമികവും സേവന സംബന്ധിയുമായ എല്ലാ വിഷയങ്ങളിലും ഇടപെടുന്ന ഒരേയൊരു പ്രസ്ഥാനമായ കെ.പി സി.ടി.എ യുടെ സംസ്ഥാന ലീഡർഷിപ്പ് ക്യാമ്പിൽ താങ്കൾ സഹപ്രവർത്തകരോടൊപ്പം ഉണ്ടായിരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കോവിഡ് ഭീതിയുടെ മറപിടിച്ച് സർക്കാർ നടപ്പിലാക്കിവരുന്ന അക്കാദമിക് വിരുദ്ധവും അദ്ധ്യാപക ദ്രോഹവുമായ ഉത്തരവുകൾക്കെതിരെ കോവിഡ് പ്രോട്ടോകോൾ പാലിച്ച് നടത്തിയ വിവിധ സമരങ്ങളിൽ പിന്തുണ നൽകിയവരെ അഭിനന്ദിക്കുന്നു. യു.ജി.സി. ശമ്പള പരിഷ്കരണം എത്രയും വേഗം നടപ്പിലാക്കുന്നതിനും മൂല്യനിർണ്ണയ വേതനം തിരിച്ച് പിടി ക്കുന്നത് നിർത്തലാക്കുന്നതിനും സാലറി കട്ട് തീരുമാനം റദ്ദാക്കുന്നതിനും സംഘടന ഹൈക്കോ ടതിയിൽ ഫയൽ ചെയ്ത കേസുകൾ വിജയിച്ചത് സംഘടനയുടെ ആത്മാർത്ഥമായ ഇടപെടൽ കൊണ്ടാണ്. കവർന്നെടുത്ത അഡ്വാൻസ് ഇൻക്രിമെന്റ് തിരിച്ച് പിടിക്കുന്നതിനും ബ്രോക്കൺ സർവ്വീസ് സംബന്ധിച്ച കേസുകളും ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. നിങ്ങളെല്ലാ വരുടെയും പിന്തുണയോടെ നമുക്ക് വിജയിക്കാനാവും എന്ന പ്രതീക്ഷയോടെ ഒരിക്കൽ കൂടി ലീഡർഷിപ്പ് ക്യാമ്പിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

*എന്ന്*

ഡോ.ജോബി തോമസ്
(പ്രസിഡണ്ട് )

ഡോ. ടി. മുഹമ്മദലി
(ട്രഷറർ)

ഡോ. യു. അബ്ദുൽ കലാം
(ജന.സെക്രട്ടറി)

ഡോ. ടി കെ ഉമർ ഫാറൂഖ്
(ജനറൽ കൺവീനർ, സംഘാടക സമിതി)

# ഉദ്ഘാടനസമ്മേളനം

**നവംബർ – 14, ശനിയാഴ്ച 2.30 PM**

സ്വാഗതം : ഡോ. യു. അബ്ദുൽകലാം
(ജനറൽ സെക്രട്ടറി, കെ. പി. സി. ടി. എ.)

അദ്ധ്യക്ഷൻ : ഡോ. ജോബിതോമസ്. കെ
(പ്രസിഡണ്ട്, കെ. പി. സി. ടി. എ.)

ഉദ്ഘാടനം : **ശ്രീ. ഉമ്മൻചാണ്ടി**
(മുൻ മുഖ്യമന്ത്രി)

മുഖ്യപ്രഭാഷണം : **ശ്രീ. ടി. സിദ്ദീഖ്**
(വൈസ് പ്രസിഡണ്ട്, KPCC)

നന്ദി : ഡോ. ടി.കെ. ഉമർഫാറൂഖ്
(ജന. കൺവീനർ, സംഘാടകസമിതി)

വെബ്സൈറ്റിന്റെ ഉദ്ഘാടനം

# സംഘടനാസമ്മേളനം

സ്വാഗതം : ഡോ. പ്രേമചന്ദ്രൻ കീഴോത്ത്
(സെക്രട്ടറി, കെ. പി. സി. ടി. എ)

അദ്ധ്യക്ഷൻ : ഡോ. സണ്ണി കെ ജോർജ്
(വൈസ് പ്രസിസണ്ട്, കെ. പി. സി. ടി. എ)

വിഷയം : അദ്ധ്യാപനം, അദ്ധ്യാപകർ:
മാറുന്ന രീതികളും സാഹചര്യങ്ങളും

അവതരണം : **ഡോ. എസ്. എസ്. ലാൽ**

വിഷയം : കെ. പി. സി. ടി. എ. ചരിത്രപഥങ്ങളിലൂടെ

അവതരണം : **പ്രൊഫ. കെ. എ. സിറാജ്**
(മുൻ സംസ്ഥാന പ്രസിഡണ്ട്)

നന്ദി : ഡോ. പി. എം. കോശി
(മേഖലാ പ്രസിഡണ്ട്, കേരള യൂനിവേഴ്സിറ്റി)

**2020. നവംബർ 15 ഞായർ 2.30 PM**

| | | |
|---|---|---|
| സ്വാഗതം | : | പ്രൊഫ. റോണി ജോർജ്<br>(മേഖലാപ്രസിഡണ്ട്, എം. ജി. യൂനിവേഴ്സിറ്റി ) |
| അദ്ധ്യക്ഷൻ | : | ഡോ. ജീ. ജി.<br>(സെക്രട്ടറി, കെ. പി. സി. ടി. എ ) |
| ഉദ്ഘാടനം | : | ഡോ. എം. സി. ദിലീപ്കുമാർ<br>(മുൻ വൈസ്ചാൻസലർ , കാലടി സർവ്വകലാശാല) |
| വിഷയം | : | അധ്യാപനവും സംഘടനയും; മുന്നോട്ടുള്ള വഴികൾ |
| അവതരണം | : | ഡോ. ടി. മുഹമ്മദലി<br>( ട്രഷറർ , കെ. പി. സി. ടി. എ. ) |
| വിഷയം | : | കരിയർ അഡ്വാൻസ്മെന്റ് സ്കീമും<br>അക്കാദമിക് ആസൂത്രണവും: ഒരു രൂപരേഖ |
| അവതരണം | : | ഡോ. ചെറിയാൻ ജോൺ<br>(വൈസ് പ്രസിഡണ്ട് , കെ. പി. സി. ടി. എ. ) |

### പാനൽചർച്ചയും ചോദ്യോത്തരങ്ങളും

| | | |
|---|---|---|
| പാനൽ | : | പ്രൊഫ. കെ. എ. സിറാജ്<br>(മുൻ സംസ്ഥാന പ്രസിഡണ്ട് )<br>ഡോ. ജി. ജയകൃഷ്ണൻ<br>(മുൻ സംസ്ഥാന പ്രസിഡണ്ട് )<br>ഡോ ജോളി ജേക്കബ്<br>( മുൻ വൈസ് പ്രസിഡന്റ്, കെ. പി. സി. ടി. എ)<br>പ്രൊഫ. സി. അഷ്റഫ്<br>(കൺവീനർ, അക്കാഡമിക് സെൽ )<br>ഡോ. വി. ജി. പ്രശാന്ത്<br>(കൺവീനർ , സർവ്വീസ് സെൽ)<br>ഡോ. റെജി എം. വർഗീസ്<br>(പ്രസിഡണ്ട് , MAT) |
| നന്ദി | : | ഡോ. ആർ.കെ. ബിജു<br>(മേഖലാ പ്രസിഡണ്ട് , കണ്ണൂർ യൂനിവേഴ്സിറ്റി ) |